# പ്രതിരോധശേഷിയില്ലാത്ത ശരീരം

പ്രതിരോധശേഷിയില്ലാത്ത ശരീരത്തിലെ വ്രണം ഉണങ്ങില്ല. അതെപ്പോഴും പൊട്ടിയൊലിച്ചു കൊണ്ടിരിക്കും. ആ വ്രണങ്ങളെ സുഖപ്പെടുത്താൻ ശ്രമിച്ചതുകൊണ്ട് കാര്യവുമില്ല. കാരണം, ശരീരം അവസ്ഥ അതിന് പറ്റിയതല്ല. ഈച്ചയും പൊടിപടലങ്ങളും അതിനെ സങ്കീർണമാക്കുകയേ ഉള്ളു. ആ ശരീരത്തിനും അത് കാണുന്നവർക്കുമൊക്കെ അസ്വസ്ഥമായിരിക്കും അത്.

അത് ശരീരത്തിന്റെ തകരാർ. നല്ലതല്ലാത്ത മനസ്സിന്റെയും സമൂഹത്തിന്റെയും ഉപമയും ഇതുതന്നെയാകുന്നു.

പ്രതിരോധശേഷിയില്ലാത്തവരെ പരിചരിക്കുന്നവർക്ക് പ്രതീക്ഷ നൽകാത്തതുപോലെയാണ് ഹൃദയശുദ്ധിയില്ലാത്ത വ്യക്തിയും നല്ലതല്ലാത്ത സമൂഹവും ഭരണകൂടവും നീതിപൂർവകമല്ലാത്ത വ്യവസ്ഥയുമൊക്കെ. ജനത്തിനത് ഒട്ടും സമാധാനമേകില്ല.

രോഗം ബാധിക്കാത്ത ശരീരവും തെറ്റ് ചെയ്യാത്ത മനുഷ്യരും സമൂഹവും അപാകതകളില്ലാത്ത ഭരണകൂടവുമുണ്ടാകില്ല. പക്ഷേ, അത് ശരിപ്പെടുത്താവുന്നതുമാകുന്നു; രോഗഗ്രസ്തമായ ശരീരത്തെ സുഖപ്പെടുത്തുന്നതുപോലെ. പക്ഷേ, ചില വൈരുദ്ധ്യങ്ങൾ അവിടെയുണ്ട്. ശരീരം രോഗമുക്തമാകുന്നത് പ്രകൃതിയുടെ നിശ്ചയമനുസരിച്ചാകുന്നു. മരുന്ന് ഫലിക്കുന്നതിനനുസരിച്ച് ശരീരം ആരോഗ്യമുള്ളതാവുകയും രോഗാവസ്ഥ നീങ്ങുകയും ചെയ്യും. അതുപോലെയാണ് സമൂഹത്തിന്റെയും ഭരണകൂടങ്ങളുടെയും സ്ഥിതിയും. എന്നാൽ പല തലങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള തയാറെടുപ്പുകൾ ആവശ്യമാണ്. അതില്ലാതെ എത്ര ശ്രമിച്ചാലും കാര്യമില്ല പ്രതിരോധശേഷിയില്ലാത്ത ശരീരത്തെ ചികിത്സിച്ചതു പോലെയിരിക്കും.

ശുദ്ധിയുള്ള പാത്രത്തിൽ കുടിക്കുവാനും തിന്നുവാനുമാണ് ഏത് കൊള്ളരുതാത്തവനും ആഗ്രഹിക്കുക. ഈ പാനപാത്രം സമൂഹത്തോടും കുടുംബത്തോടും നാടിനോടും ഉപമിച്ചാൽ നമ്മുടെ ചിന്തക്ക് അധികം ക്ലേശിക്കാതെ വിഷയം മനസ്സിലാകും. അശുദ്ധമായ പാത്രത്തിലാണ് അസ്വസ്ഥഹേതുകമായ സംഗതികൾ ഉണ്ടാകുന്നത്. അതുപോലെ നല്ലതല്ലാത്ത സമൂഹത്തിൽനിന്നും വ്യവസ്ഥയിൽനിന്നും ഭരണകൂടങ്ങളിൽനിന്നുമാണ് അസ്വസ്ഥതകൾ ഉണ്ടാകുക. അരാചകത്വത്തിന്റെയും തിന്മയുടെയും അഴിമതിയുടെയും നീതിനിഷേധത്തിന്റെയും അക്രമരാഷ്ട്രീയത്തിന്റെയുമൊക്കെ അടിസ്ഥാന കാരണം ഈ അശുദ്ധിയാണ്.

വ്യക്തിയായാലും സമൂഹമായാലും ഭരണകൂടങ്ങളായാലും സ്വന്തം ചെയ്തികളുടെയും ചിന്തകളുടെയും ആസൂത്രണങ്ങളുടെയും ഭവിഷ്യത്തുകളെ സംബന്ധിച്ച വീണ്ടുവിചാരവും ആത്മപരിശോധനയും ഇല്ലാതിരിക്കുകയെന്നത് ആരോഗ്യകരമല്ല. നല്ലതല്ലാത്ത മനഃസ്ഥിതിയുള്ളവരുടെ ജീവിതരീതി രൂപം കൊടുക്കുന്ന എല്ലാ കാര്യങ്ങളുടെയും സ്ഥിതി അതായിരിക്കും. അവരുടെ വീക്ഷണത്തിൽ അവരുടെതെല്ലാം നല്ലതായിരിക്കും. ചിന്തയും ആസൂത്രണവും സ്വന്തം നന്മ മുമ്പിൽ കണ്ടുകൊണ്ടുള്ളതാവുകയെന്നതാണ് ഇത്തരക്കാരുടെ തത്വം. മൂല്യങ്ങളും അതിലധിഷ്ഠിതമായ ജീവിതരീതിയും അവർക്ക് അന്യമായിരിക്കും. ഇത്തരം ആളുകൾ വീട്ടിലായാലും സമൂഹത്തിലായാലും ഭരണകൂടത്തിലായാലും അത് ജനത്തിന് ദോശകരമായിരിക്കും. അവർ എത്ര വലിയ ആദർശം പറഞ്ഞാലും ശരി.

മനസ്സുകളുടെ പ്രകാശം മനസ്സുകളെ നയിക്കട്ടെ. ശുദ്ധമായ മനസ്സുള്ളവർ സമൂഹത്തിനും ഭരണകൂടങ്ങൾക്കും നായകത്വമേകട്ടെ. പക്ഷേ, അത്തരം മനസ്സുകൾക്ക് സ്ഥാനമില്ലാത്ത കാലഘട്ടമാണിതെന്നതാണ് വിരോധാഭാസം. ഇത്തരം മാനസികാവസ്ഥയുടെ രൂപീകരണത്തിൽ പല ഘടകങ്ങൾക്കും പങ്കുണ്ട്. മോശപ്പെട്ട വ്യവസ്ഥിതിയുടെയും ആശയങ്ങളുടെയും അമിത സ്വാധീനമാണ് പ്രധാനം. മൂല്യങ്ങളിൽനിന്ന് മനസ്സുകളെ മുക്തമാക്കിയ ഭൗതിക ചിന്തയും അതിന് പ്രധാന കാരണം. അതിനാലാണ് ഭരണകൂടങ്ങൾ പലപ്പോഴും അനീതിയെ കണ്ണടച്ചു നിയമത്തിന്റെ ഭാഗമെന്ന നിലയിലോ പ്രവർത്തന സുതാര്യത എന്ന നിലക്കോ കൈയാളുന്നത്.

മനസ്സിൽ പ്രകാശമുള്ളവർക്കു മാത്രമേ കാര്യങ്ങളെ നീതിപൂർവകമായി കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളു. അവരുടെ സമീപനത്തിലും കൈകാര്യത്തിലുമാണ് ജനങ്ങൾക്ക് ആശ്വാസവും സമാധാനവും ഉണ്ടാവുകയുള്ളു. നീതിയും സദാചാരവും കാത്തുസൂക്ഷിക്കുവാൻ അവർക്ക് മാത്രമേ സാധിക്കുകയുള്ളു.

സ്വയം നന്നാകുവാൻ തയാറല്ലാത്തവരും നന്നാക്കിയാൽ അതുൾക്കൊള്ളാൻ തയാറല്ലാത്തവരുമാണ് എവിടെയും പ്രയാസം ഉണ്ടാക്കുക. അവിടെ ചികിത്സകർ വിവേകമുള്ള ഓരോരുത്തരുമാകുന്നു.